# ജ്വലനം @2K18



little KITEs

# ST.JOSEPH'S C.G.H.S KANJOOR

ST.JOSEPH'S C.G.H.S KANJOOR



# PREPARED BY,

little KITEs

of

St.Joseph's C.G.H.S Kanjoor





# Editorial

"ഉജ്ജ്വല മനസ്സുകളെ നിങ്ങൾ സ്വപ്നങ്ങൾ കാണുവിൻ ,സ്വപ്നങ്ങൾ ചിന്തയിലേക്കും, ചിന്തകൾ പ്രവർത്തിയിലേക്കും,പ്രവർത്തികൾ മഹത്തായ വിജത്തിലേക്ക് നയിക്കും" ഏതൊരു വിദ്യാർത്ഥിക്കും ഈ വാക്കുകൾ പ്രചോദനം നൽകുന്നവയാണ്.

അറിവ് മറ്റൊരാളിൽനിന്ന് പകർന്ന് കിട്ടുക എന്നതിനപ്പുറം ഓരോരുത്തരും സ്വയം നിർമിക്കേണ്ടതാണെന്നുള്ള തിരിച്ചറിവ് വിദ്യാഭ്യാസരംഗത്തെ തെല്ലൊന്നുമല്ല മാറ്റിമറിച്ചത്.പാഠപുസ്തകത്തിൻെറ കേവലമായ അറിവുകൾ വിനിമയത്തിനപ്പുറം അധ്യാപകൻെറയും വിദ്യാർഥിയുടെയും സമ്പൂർണ പങ്കാളിത്തത്തോടെ രൂപപ്പെട്ടതാണ് 'Little KITEs'

സാങ്കേതികരംഗത്ത് ഉണ്ടായ വളർച്ച,വിദ്യാഭ്യാസ രംഗത്തും പ്രകടമാക്കുന്ന തരത്തിലേക്ക് ഇന്ന് വിദ്യാർഥികൾ മാറി.കമ്പ്യൂട്ടർ യുഗം ഇന്നൊരു ജ്വാലയായ് ഉയരുന്നു. പുതിയ ഒരു യുഗത്തെ സൃഷ്ടിക്കാൻ ഓരോ വിദ്യാർഥിക്കും സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.......

എന്ന്

ലറ്റിൽ കൈറ്റ്സ് വിദ്യാർത്ഥിനി

അക്ഷ പൗലോസ്



# ആശംസകൾ

ലിറ്റിൽ കൈറ്റിൻെറ ആദ്യ പത്രിക "
ജ്വലനം @ 2k18"
സന്തോഷമുണ്ട് .
വളരട്ടെ....നിങ്ങളിലെ സർഗ്ഗാത്മകക്രിയകൾ!
അറിയട്ടെ....നിങ്ങളിലെ സിദ്ധിവിശേഷങ്ങൾ!
പൊലിയട്ടെ....ദൈവം വിതറിയ പൊൻമണിവിത്തുകൾ.
ലോകത്തെ കൈക്കുമ്പിളിലാക്കുമ്പോൾ,
അയൽക്കാരനെ തിരിച്ചറിയാതെ പോകുന്ന ഈ നാളുകളിൽ
അയൽക്കാരനെ അറിയാൻ നിങ്ങൾക്കാകട്ടെ!
സംഘശേഷിയിലൂടെ പരസ്പരമറിയട്ടെ!
"ജ്വലനം @ 2k18 "ഉരുവാകുമ്പോൾ സർഗക്രിയാശേഷികൾ
ആകാശത്തോളം ആളിപ്പടരട്ടെ.......
ജനനന്മയ്ക്ക് ഉതകട്ടെ.......

എന്ന്

ഹെഡ്മിസ്ട്രസ്സ്

സി. ആൻസിനി

# ആശംസകൾ

**2018 ചരിത്രത്തിൽ സ്ഥാനം കുറിച്ചുകഴിഞ്ഞിരിക്കുന്നു. പ്രളയത്തിന്റെ ദുരിതങ്ങളിൽ നിന്ന് എല്ലാവരും കരകേറിക്കൊണ്ടിരിക്കുകയാണ്. ഇയൊരു സാഹചര്യത്തിലും കുട്ടികളുടെ കഴിവ് വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ലിറ്റിൽ കൈറ്റ്സിലെ അംഗങ്ങൾ ഓരോ ക്ലാസ്സിന്റെ‌യും അടിസ്ഥാനത്തിൽ പലവിതരചനകൾ ശേഖരിച്ച് അതൊരു മാകാസിൻ ആക്കുകയും ചെയ്തു . അതിനായി പരിശ്രമിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും അവർക്കും നേതൃത്വം നൽകിയ ടീച്ചേഴ്സിനും എന്റെ‌ പേരിൽ എല്ലാവിധ ആശംസകളും നേരുന്നു**

**എന്ന്**

**സ്കൂൾ ലീഡർ**

**അലീന മനോജ്**

***IX C***

# തിരികൾ

എന്റെ കേരളം............................
അമ്മ.................
ഉത്തമസുഹൃത്ത്..........................
ഓർമ്മകൾ.......................
Rainbow.........................................
അമ്പളിയമ്മാവൻ..................
അറിവിന്റെ പാഠം..................................
Mother........................
അമ്മ...................
Each one is unique.......................................
Mummy.........................
ഈ കേരളം എന്തേ ഇങ്ങനെ................................
ഉറ്റചങ്ങാതിമാർ....................
രക്ഷകർ.................
Dreams......................
കാക്ക കളിച്ചാൽ...........
The proud rose.......................
എന്റെ മനസ്സ്.....................
മുത്തശ്ശിയും കുട്ട്യോളും..............................

My Mother...............................

സൗഹൃദം....................

The Last Beats of Dance...............................

Magical world of Love...........................

Exams............................................

Friendship...................

ഏകാന്തത.................................................

ആകാശത്തേര്.......................

ഓണം....................



# എന്റെ കേരളം

***കേരളം കേരളം എൻകൊച്ചു കേരളം***

***എൻ ജന്മനാടാണെൻ കേരളം***

***പച്ചപുതച്ചൊരു പുൽപ്പാടങ്ങളും***

***ആടിയുലയും പൂങ്കാവുകൾ***

***ഗമയിലുയർന്നു നിവർന്നു നിന്നാടുന്ന***

***തെങ്ങുകളും വൻ കവുങ്ങുകളും***

***കൂറ്റൻമരങ്ങളും കുറ്റിച്ചെടികളും***

കാറ്റിലുലയുന്ന മാമരവും

തത്തിക്കളിക്കുന്ന കുഞ്ഞിക്കിളികളും

ഈണത്തിൽ പാടും കുയിലുകളും

മാമര ചില്ലയിലയിൽ ചാഞ്ചാടിയാടുന്ന

വാനരന്മാർതൻ കോലാഹലങ്ങൾ

കാകാ കരയുന്ന കാക്കകളും

മ്യാവൂ കരയുന്ന പൂച്ചകളും

ബൗ ബൗ മൂളുന്ന നായകളും ഒപ്പം

കൂവിയുണർത്തും പൂങ്കോടികളും

കാടുകൾ മേടുകൾ പർവതങ്ങൾ

ഫലം ചൂടുന്ന പലചക വൃക്ഷങ്ങളും

സ്വച്ഛമായൊഴുകുന്ന പെരിയാർ നദികളും

കളകളയാരവം കാതുകളിൽ

കായലും പുഴകളും ആറുകളും പിന്നെ

വഞ്ചിപ്പാട്ടിൽ പുതു ഈണങ്ങളും

വള്ളം കളികൊണ്ടലങ്കൃതമായൊരു

പുന്നമടക്കായൽ കൗതുകമായ

കേരളത്തിൽ സ്വന്തമായിട്ടും പൊന്നോണ

ഘോഷങ്ങളങ്ങനെ പത്തുനാളിൽ

ഓണക്കളികൾ തൻ താളങ്ങളിൽ

പുതു കേരള സാരിയിൽ പെൺകൊടികൾ

ഹാ ! എന്തുഭംഗിയായ് പൂമുറ്റമാകെ

അലങ്കരിച്ചങ്ങനെ വരവേൽക്കയായ്

എല്ലാ കേരളമക്കളൊരുമയോടെ

ഊഞ്ഞാലിലാടുന്ന കൊച്ചുമിടുക്കരും

ആടുന്ന പാടുന്ന ഈറടുകൾ

എൻ കേരളത്തെ വർണ്ണിക്കയെന്നത്

വാക്കുകളാലിനി സാധ്യമല്ല

ഇത്ര സുന്ദരമാണെൻ കേരളം

എൻ ജന്മനാടെൻ കേരളം

ഇത്ര മനോഹരിയാം കേരളത്തിൻെറ

ദുഃസ്ഥിതി ഓർത്തിരുന്നു തേങ്ങിടുന്നു

**BY**

**Angel Rose**

**VII C**

# അമ്മ



സ്നേഹത്തിൻ സാഗരമാണമ്മ
നിത്യമാം ജീവന്റെ ഉറവയാണമ്മ
ഞാൻ കരഞ്ഞാൽ കരയുമെന്നമ്മ
ഞാൻ ചിരിച്ചാൽ ചിരിക്കുമെന്നമ്മ
എൻ സ്നേഹത്തിൻ പൂങ്കതിരാണമ്മ
എന്നെ പാലൂട്ടി വളർത്തിയൊരമ്മയെ
മറക്കുകില്ല എൻ മരണം വരെ ഞാൻ
നൽവഴി കാട്ടി നമ്മെ നടത്തിയ
മാതാവിനെ നാം മറക്കരുതേ
കാരുണ്യത്തോടെ എന്നെ സ്നേഹിച്ച
സാഗരമാണെൻ അമ്മ
അമ്മിഞ്ഞപാലൂട്ടി വളർത്തിയൊരമ്മയെ
നമ്മൾ മറക്കരുതെന്നും
എൻ മനസ്സിൽ തോരാത്ത സ്നേഹമാണമ്മ
എൻ കണ്ണിൽ മായാത്ത ശില്പമാണമ്മ
എന്നെ കൈപിടിച്ച് നടത്തിയൊരമ്മ
ആദ്യാക്ഷരങ്ങൾ ചൊല്ലി തന്നൊരമ്മ
സങ്കടകടലിൽ താങ്ങാണെൻ അമ്മ

**by**
**Alona Joby**
**V B**



# ഉത്തമസുഹൃത്ത്

എന്തിനെന്നറിയാതെ എങ്ങോട്ടെന്നറിയാതെ

മുന്നോട്ടു നീങ്ങുന്ന പുഴയാം എൻ

ജീവിതം തനിച്ചായ നേരം

തനിച്ചിരുന്ന നേരം കൂട്ടിനുമിണ്ടാൻ സുഹൃത്തും

തനിച്ചൊഴുകുന്ന പുഴയും

ആരുമില്ലെന്ന് തോന്നിയ നിമിഷം

മനസ്സിനാശ്വാസമായതെൻ സുഹൃത്തായ-

പുഴതൻ ഓളങ്ങൾ മാത്രം

യഥാർത്ഥ ഒരു സുഹൃത്തിനേക്കാൾ-

അതിര് കടന്നതാണ് എൻ സുഹൃത്ത്

*എന്ത് പറഞ്ഞാലും എന്ത് പ്രവർത്തിച്ചാലും*

*ഒന്നുമെ മറികടക്കാത്ത സുഹൃത്തവൾ*

*സുഹൃത്തുക്കൾ പലതും ഉണ്ടെങ്കിൽ*

*എല്ലാവരിലും നിന്ന് വ്യത്യസ്ത അവൾ*

*ചില നാൾ വരും ചില നാൾ പോകും*

*എൻ പ്രിയ സുഹൃത്താം അവൾ തൻ*

*ജീവിതമാണ് ആറാറ്പന്ത്രണ്ട്*

*അവൾ ആറുനാൾ ഉണ്ടാകും*

*അതിനപ്പുറം ആറുനാൾ ഉണ്ടാവില്ല*

*അവൾതൻ ജീവിതമാണ് ഭൂമിയിൽ ഏറ്റവും സുന്ദരം.*

*ആറ് പതിറ്റാണ്ടുകൾക്കു മുൻപെ*

*പന്ത്രണ്ടുനാൾ ജീവിതമായിരുന്നു*

*പതിറ്റാണ്ടുകൾ പിന്നിടുമ്പോൾ*

*അവൾതൻ ജീവിതം ആറുനാൾ....*

***by***

***Greeshma Suresh***

***IX D***



# ഓർമ്മകൾ

മനസ്സ് മട്ടത്തോരൻ ജീവിതം

ജീവിതം ഇവിടെത്തീരുന്നു...
ഒന്നേന്നായി എൻ ജീവിതത്തിലേക്ക്
കയറി വരുമ്പോൾ ജീവിതം
അവസാനിക്കുമെന്ന് പ്രതീക്ഷിക്കുമ്പോൾ
അത് ഒരിക്കലും അവസാനിക്കുന്നില്ല
എൻ മനസ്സിൽ ഓർമ്മക്കൾ
തുളുമ്പുമ്പോൾ വിട്ട് പിരിയൻ

തോന്നുന്നില്ല  കൂട്ടരെ...
സുഹൃത്തുക്കൾ വിട്ടകന്ന്  കഴിയുമ്പോൾ
ഏകാന്തതയുടെ അടുത്ത വർഷത്തിലേക്കാണീ
ഓർമ്മകൾ
സുഹൃത്തക്കൾ വിട്ടകന്ന് കഴിയുമ്പോൾ
ഓർമ്മകൾ മാത്രമായി ഹൃദയങ്ങൾ

വിതുമ്പുമ്പോൾ
ഒരു നിഴലായി ഞാൻ നിങ്ങൾക്കപ്പുറമുണ്ടാകും
കൂട്ടരെയെന്ന് വിളിക്കാൻ  ദിവസങ്ങൾ
മാത്രമായി തീരുമ്പോൾ
നെഞ്ചിൽ പിടിക്കുകയാണ് ഓർമ്മകൾ
ഓർമ്മകൾ മാത്രമായി യാത്രയായീടുമ്പോൾ
നിൻ കണ്ണിൽ ഞാൻ കാണുന്നു
നിൻ സ്വരത്തിൽ കേൾക്കുന്ന
അത നാമെല്ലാം ഒരുമിച്ചിരുന്നാ നിമിഷം.........
ആ നിമിഷം മാത്രം
അ നിമിഷത്തിൽ ഓർമ്മകൾ
ഒന്നൊന്നായി വരുന്നതുപോലെ
ഒന്നൊന്നായി നഷ്ടപ്പെടുന്നു....
എൻ സുഹൃത്തുക്കൾ ഏകിയ ഓർമ്മകൾ
അത് ഇല്ലാതെയായാൽ ഞാൻ
നിങ്ങളിൽ നിന്ന് മൺമറഞ്ഞുവെന്ന്
നിങ്ങൾ വിശസ്വക്കുക....

**By,**
**Athira Santosh**
**IX D**



# *Rainbow*

Rainbow Rainbow beautiful Rainbow
How many colour are in Rainbow
violet,Indigo,blue
,green,yellow,orange,red rainbow
happy happy happy Rainbow
cuty cuty cuty Rainbow
sweety sweety sweety Rainbow
My best friend is you,Rainbow

By
Dona Santhosh
VB



<u>അമ്പിളിയമ്മാവൻ</u>

ഓടിവാ അമ്പിളിമാമാ

എന്നടെ അടുത്തേക്ക് ഓടിവാ.......

എൻെറ കൈ നിനക്കുവേണ്ടി

ആകാശത്തേക്ക്നീട്ടി വെച്ചിരിക്കുകയാണ്

അമ്പിളിമാമന്റെ പുഞ്ചിരി കണ്ട-

പ്പോൾ ചെമ്പകം <u>പൂത്തു</u>

നിന്നെ കാണുമ്പോൾ മുല്ലപ്പൂവിന്റെ

നിറം കടഞ്ഞ് വെച്ചിരിക്കുകയാണ്.

അമ്പിളിയമ്മവാൻ പൊങ്ങിനിൽക്കുകയാണ്

അമ്പിളയമ്മാവന്റെ ചുറ്റും ആകാശത്തിൽ

നിറഞ്ഞ് നിൽക്കുകയാണ് നക്ഷത്രങ്ങൾ

അമ്പിളിയമ്മാവൻ ചിരിക്കും മാനത്ത്

തുമ്പപൂവ്വ ചിരിക്കും താഴത്ത്

അമ്പിളിയമ്മാവാ എവിടെയാണ നീ

എന്റെ മുമ്പിൽ നിന്നും മറയുകയണോ

**BY**

**ALEENA LIJO**



## അറിവിന്റെ പാഠം

ഗ്രാമത്തിലെ ഒരു സാധാരണക്കാരന്റെ കുടുംബം. ആ കുടുംബത്തിൽ രണ്ടു പെൺമക്കളും പിന്നെ അച്ഛനും അമ്മയും മൂത്തവൾ ഗായത്രി ഇളയവൾ സീതയുമായിരുന്നു. ഗായത്രിക്ക് ജന്മനാ ഒരു ചെറിയ ബുദ്ധിപരമായ പ്രശ്നമുണ്ടായിരുന്നു. പക്ഷെ ഇളയവൾ സീതയാകട്ടെ ക്ലാസ്സിൽ ഒന്നാമതായിരുന്നു. അവളിൽ ആ മാതാപിതാക്കൾ അഭിമാനിച്ചു. പക്ഷെ ഗായത്രിയെ അവർ പലവട്ടം തള്ളിപ്പറഞ്ഞിട്ടുണ്ട്. അവൾ അവർക്ക് ഒരു ശാപമായിരുന്നു. എന്നെല്ലാം അവർ പറയുമായിരുന്നു. വല്ല വിശേഷപ്പെട്ട പരിപാടികളിലൊക്കെ പോകുമ്പോൾ ഗായത്രിയെ

കൊണ്ടു പോകാൻ അവർ മടിച്ചിരുന്നു. വളരെ വിലകുറഞ്ഞതും കൊള്ളില്ലാത്തതുമായ വസ്തുങ്ങളായിരുന്നു ഗായത്രിക്ക് ഉള്ളത്. പക്ഷെ നല്ല വസ്തുങ്ങളായിരുന്നു സീതക്കുള്ളത് ഗായത്രിയാണെങ്കിൽ 5-ാം ക്ലാസ് വരെ പഠിച്ചിട്ടുണ്ടായിരുന്നുള്ളൂ. എന്നാൽ അവളുടെ മാതാപിതാക്കൾ പറയുമായിരുന്നു അവളെ പഠിപ്പിച്ച് പണം നഷ്ടമാക്കുന്നതല്ലാതെ വേറെ ഒരു പ്രയോജനവുമില്ല എന്ന്.പക്ഷെ സീതക്ക് പഠിക്കാൻ പോകുന്നത് വളരെ ഇഷ്ടമായിരുന്നു. കൂട്ടുകൂടി കളിക്കാനും ഉല്ലസിക്കാനും. കാലങ്ങൾ കഴിഞ്ഞുപോയി സീതയുടെ എല്ലാ പഠനങ്ങളും പൂർത്തിയായി അവളുടെ വിവാഹം കഴിഞ്ഞു സീത ഇംഗ്ലണ്ടിലെക്കുപോയി പത്തു പന്ത്രണ്ടു വർഷം പിന്നിട്ടു. മാതാപിതാക്കൾക്കു പ്രായം കൂടി വന്നു.അവർക്കു വയസ്സായി ആ സമയത്ത് അവർ ഓമനിച്ചു വളർത്തിയ സീത അവരെ കാണാൻ പോലും വരുമായിരുന്നില്ല. അഴ്ച്ചകളിൽ പണം അയച്ചുകൊടുക്കുമായിരുന്നു. സീത

ആ ഉപകാരമെങ്കിലും തന്റെ മാതാപിതാങ്കൾക്കു ചെയ്തുകൊടുത്തു. ആ മാതാപിതാങ്കൾക്കുവയസ്സായ സമയത്ത് അവർക്ക് ശാപമായിപ്പിറന്ന ഗായത്രിക്ക് മാത്രമേ അവർക്ക് നേരത്ത് ഭക്ഷണം കൊടുക്കാനും പരിപാലിക്കാനും കഴിഞ്ഞുള്ളൂ. അന്ന് അവർ മനസ്സിലാക്കി പണമോ സ്വാധീനമോ ഒന്നുമല്ല വേണ്ടത് സ്നേഹവും കാരുണ്യവുമുള്ള ഒരു മനസ്സാണ് വേണ്ടത്.

ഗുണപാഠം: നമ്മുടെ വീട്ടുകളിലും ചിലപ്പോൾ കുട്ടികൾ ഉണ്ടാകാം. നാം അവരെ അകറ്റിനിർത്തരുത്. നമ്മോട് ചേർത്തുനിർത്തി പരിപാലിക്കണം. ചിലപ്പോൾ നമ്മെ പരിചരിക്കാനും സഹായിക്കാനും അവരെ ഉണ്ടാകൂ ഈ ജീവിതത്തിൽ.

**By**
**Anna Davis**

**V B**

# MOTHER

Mothers are for loving you
unconditionally
Mothers are for sharing
whatever makes you glad.



Mothers are for laughing
on your favourite jokes
Mothers are for helping you
get on with other folks

Mothers are for cuddling you
when you have to weep
Mothers are for covering you
when you fall asleep

by
Mariya Treesa Wilson
VII A




# അമ്മ

എന്നും എന്നോർമ്മയിൽ തെളിഞ്ഞ്
നിൽക്കുന്നൊരു വിളക്കാണ് എന്റെ അമ്മ
എന്നെ സ്നേഹിച്ച് വളർത്തിയൊരെന്നമ്മേ
അമ്മയെ ഞാൻ സ്നേഹിക്കുന്നു.
ആ സ്നേഹത്തിനിനിഞാനെന്തുനൽകും.

ആ അമ്മയെ എന്തിനാണ് ഞാൻ നിന്ദിച്ചത്
എന്നും എന്റെ കുടുംബത്തിൽ തെളിയും
ഒരു വിളക്കായ് അമ്മ ഉണ്ടായിരുന്നെങ്കിൽ
എന്റെ മനസ്സിൽ ഒരു കെടാവിളക്കായ്
എന്നും അമ്മ എന്റെ മനസ്സിൽ ഉണ്ടാകും.
ഞാൻ മരിച്ചാലും ആ സ്നേഹം മറക്കില്ല.
അമ്മ ശാസിച്ച ആ ശാസനം ഒരിക്കലും

*എന്റെ മനസ്സിൽ നിന്നും  മായുകയില്ല*

*അമ്മയുടെ ആ പുഞ്ചിരി മനസ്സിൽ നിന്ന് മായുകയില്ല.*
*അമ്മ എന്നെ നിലാവ് കാണിച്ച് ചോറ് തന്നതും*

*അമ്മയുടെ കൈപിടിച്ച്  ആദ്യമായി വിദ്യാലയത്തിൽ*
*ചേരാൻവന്നതും എന്റെ മനസ്സിൽ ഇപ്പോഴും*
*ബാക്കിയായികിടക്കുന്നുണ്ട്.*
*എന്നും എൻ കുഞ്ഞു കവിളിൽ മുത്തം*
*തന്ന് താലോലിച്ച അമ്മേ ആ സ്നേഹം*
*ഇപ്പോഴും എനിക്ക് വേണം.*

***BY***
***ANNA JOJO***

***VI A***



# ***Each one is  Unique***

**Once a peacock was very unhappy. The reason was that he had an ugly voice. He was very desperate. Hearing his complaint , a fox said. “I agree that you have an unpleasant voice. But how beautiful you are! The peacock said, “Eventhough I am beautiful, I am not happy with my voice”**

**Then the fox said,' don't worry. In this world each one is unique. Each one has special feature. You are beautiful,nightingale's voice is good,owl has big eyes and eagle is a strong bird. Don't envy the gift of others. You are also a special bird.**

**BY**
**BHAVINAPRIYA  BAIJU**
**V C**



# ***MUMMY***

**Mummy, I know you love me**
**By the way you show you care**
**You hug me and talk to me softly;**
**When I need you, you're always there.**
**Mummy, I'll love you always**
**From my heart, I want to say**
**I'm so glad you are my mummy;**

HAPPY MOTHER'S DAY

**BY**
**EMILDA ANTU**
**VII A**

# ഈ കേരളം എന്തേ ഇങ്ങനെ



ഈ കേരളം എന്തേ ഇങ്ങനെ
ഈ വർഷത്തിൽ ഓർമ്മയായി
സ്വാതന്ത്ര്യ ദിനത്തിൽ
കുടുങ്ങിപോയതാണ നാം


ദൈവത്തെ എല്ലാവരും ചേർന്നുവിളിച്ചു
ദൈവത്തിൻ മനസ്സലിഞ്ഞു
ജീവൻ നമുക്ക് തിരിച്ചു കിട്ടി
ആളുകൾ പിന്നെയും പഴയപടി

പീഡനങ്ങൾ, കൊലകൾ, വർധിച്ചു കേരളം
കേരളം എന്തേ ഇങ്ങനെ
നാം എന്തേ ഇങ്ങനെ
നമ്മുടെ നാടിനെ കാത്തു സൂക്ഷിച്ചു കൂടെ

**BY**

**Anna Martin**

**X D**



# ഉറ്റചങ്ങാതിമാർ

ഒരിടത്ത് ഒരു പൂച്ചയും, എലിയും ഒരു വീട്ടിൽ താമസിച്ചിരുന്നു. അവിടുത്തെ വീട്ടമ്മക്ക് എലിയെ തീരെ ഇഷ്ടമല്ലായിരുന്നു. എലിയെ പിടിക്കാത്തതിന്റെ പേരിൽ പൂച്ചയ്ക്ക് എന്നും വഴക്ക് കേൾക്കുമായിരുന്നു. അങ്ങനെ പൂച്ച വിഷമച്ചിരിക്കുന്ന സമയത്ത് എലി പൂച്ചയോട് ചോദിച്ചു. "ചങ്ങാതീ എന്തു പറ്റി എന്തിനാണ് വിഷമിച്ചിരിക്കുന്നത് "പൂച്ച പറഞ്ഞു; "നിന്നെ പിടിക്കാത്തതിന്റെ പേരിൽ വഴക്ക് കേട്ട് മടുത്തു ഞാൻ പോവുകയാണ് " ഇതു കേട്ട എലിക്ക് സങ്കടം തോന്നി. എലി പറഞ്ഞു "ഞാൻ നിന്നെ സഹായിക്കാം  പക്ഷെ

നീ എനിക്ക് ആപത്ത് വരുമ്പോൾ എന്നെയും സഹായിക്കണം. ഇതു സമ്മതമാണോ?" പൂച്ച സമ്മതിച്ചു. അങ്ങനെ എലി ചത്തതുപോലെ കിടന്നു പൂച്ച അവന്റെ വാലിൽ പിടിച്ച് വീട്ടമ്മയുടെ മുന്നിൽ വച്ചു.വീട്ടമ്മ എലിയെ ദൂരെ എറിഞ്ഞു

അങ്ങനെയിരിക്കെ

ഒരു ദിവസം എലി തെരുവിലൂടെ നടന്നപ്പോൾ കുറേ പൂച്ചകൾ അവനെ ഉപദ്രവിക്കാനായി വന്നു. അപ്പോൾ അവന്റെ ആ പൂച്ച ചങ്ങാതി വന്ന് തന്റെ കൂട്ടുകാരായ പൂച്ചകളെപറഞ്ഞുമനസ്സിലാക്കി.തന്നെസഹായിച്ചതിൽ എലി പൂച്ചയോട് നന്ദി പറഞ്ഞു.അങ്ങനെ പരസ്പരം സഹായിച്ച് ആ ഉറ്റചങ്ങാതികൾ പിന്നീടുള്ള കാലം സന്തോഷത്തോടെ കഴിഞ്ഞു.....................

By

NEERAJA V N

VIII C



# രക്ഷകർ

വർണ്ണങ്ങൾ വാരിവിതറുന്ന
മഴയെ കൊതിയോടെ കാത്തിരുന്നു ഞാൻ
ചിങ്ങപ്പുലരിയിൽ ആടിത്തിമിർത്തു നീ
താണ്ഡവമായി വന്നുവല്ലോ.......
പുഴകളും തോടുകളും വയലുകളും മലയും നിറ
ച്ചുനീ... എൻ പുരയിടത്തേയുംമുക്കികൊന്നു
കണ്ണുനീർ കൊണ്ടു നിറഞ്ഞൊരു കണ്ണു
വറ്റുകില്ലോരു നാളും ഓർക്കുമോ നീ.....
കേണ്ണുകരഞ്ഞ നാളും ഓർക്കുമോ നീ...
വാർദ്ധ്യകം തകർത്ത മനുഷ്യഗണങ്ങളും
പോകുവാനില്ലോരു കൂരയും കാക്കുവാനില്ലോരു
നിഥിയും .....
ചോരയും നീരും വറ്റിച്ചുനേടിയ-

തെല്ലാം നിമിഷത്തിൽ ഒലിച്ചുപോയി
വെട്ടിപ്പിടിച്ചതും ചുറ്റിപ്പിടിച്ചതും
എല്ലാം നീ തിരിച്ചെടുത്തുവല്ലേ
ജീവനും പേറിക്കൊണ്ടോടുന്ന നേരത്ത്
ജാതിയില്ല പാർട്ടിയില്ല നമ്മുകൊന്നുമേയില്ല

അന്നതിനയ് കേഴുന്ന നേരത്തും

നമ്മുക്ക് ജാതിയില്ല പാർട്ടില്ല

മറ്റേതു മേയില്ല

രക്ഷകരായവർ തോണ്ണിയും കൊണ്ടത്തി
ദൈവ സമാനനായി
നേവിയും പട്ടളവും കൈകോർത്ത്
രക്ഷിച്ചു പച്ചയാം മനുഷ്യ മനസ്സുകളെ

നോക്കിയില്ലവരാരുടേയും ജാതി...

നോക്കിയില്ലവരാരുടേയും കൊടി...

നോക്കിയതൊന്നു മാത്രം

തുടിക്കുന്ന ജീവൻ സ്വപ്ന ധാനങ്ങൾ

**By**

**Sreebhadra k.m**

**VI B**



# DREAMS

**Dreams are the fire flies of life**
**It leads from darkness to light**
**Helps to overcome the heights**
**And aiming the heaven**
**You will get the sky**
**dreaming for the stars**
**Forget the broken dreams**
**And move with the new ones**

**By**

**Archana Biju**

**V D**



# കാക്ക കുളിച്ചാൽ..

കറുകറുത്ത്, കരിക്കട്ടപോലെ കാക്കാച്ചി. വാഴ്ക്കൈയിലിരുന്നാളും വഴിവക്കിലിരുന്നാലും ആരുമവളെ തിരിഞ്ഞൊന്നു നോക്കില്ല. തൊണ്ട പൊട്ടിക്കരഞ്ഞാലോ, കേൾക്കുന്നവർ അസഹ്യതയോടെ കാതുപൊത്തും. കള്ളിക്കാക്കേന്നും കരിങ്കാക്കേന്നുമൊക്കെയുള്ള പ്രാക്കുക്കേട്ട് മടുത്തു. ദൈവമേ! ആർക്കും വേണ്ടാത്ത ഈ ശരീരം എനിക്കെന്തിനാ തന്നേ? പുഴയൊരത്തുനിന്ന് കാക്കച്ചി കണ്ണീരൊഴുക്കി. ദാ, ഒരു വെൺമേഘത്തുണ്ട! മേഘത്തുണ്ടല്ല, വെളുവെളുത്തൊരു കൊറ്റി. തോന്നില്ല്വാ.അത്രയ്ക്കാണ് ഭംഗി.

കാക്കച്ചിക്ക് ഇരിക്കപ്പൊറുതീണ്ടായില്ല്വ.'' എങ്ങന്വാ നിനക്കി പഞ്ഞീടെ നെറോണ്ടായെ?'' കൊറ്റിക്കൊരു കൊച്ചു കുസൃതി തോന്നി.''അതോ? ഈ പുഴയിൽ നിത്വം മുങ്ങിക്കുളിച്ചിട്ടാ.'' പലവട്ടം മുങ്ങിപ്പൊങ്ങി

കൊറ്റി പറന്നുപോയി. സന്തോഷം കൊണ്ട് മതിമറന്നു ,
കാക്കച്ചി.കുളിച്ച്കുളിച്ച് ഞാനും കൊറ്റ്യേപ്പോലെ
വെളുക്കും! കാക്കച്ചി പുഴയിലിറങ്ങി മുങ്ങി. വെള്ളത്തിന്
മഞ്ഞുകട്ട്യേടെ തണുപ്പാണ്. അവൾ തണുത്തു വിറച്ചു .
ഇത്തിരി തണുത്താലെന്താ, ദേഹം വെളുക്കുലെ? അവൾ
പിന്നേം മുങ്ങി. ഒന്ന്, രണ്ട്, മൂന്ന്, നാല്... തണുപ്പ്
കാക്കച്ചീടെ എല്ലാം തുളച്ചുകേറി.

തൊണ്ണൂറ്,തൊണ്ണൂറ്റൊന്ന്,തൊണ്ണൂറ്റിരണ്ട്...
ആകെ തളർന്നിട്ടും വാശി വിട്ടില്ല,അവൾ.
കരിക്കട്ടച്ചിറകിനുപകരം തൂവെള്ളത്തൂവലുകൾ. അവ
വിടർത്തി മാലാഖ കണക്കെ പറന്നുപറന്ന് കാക്കച്ചി
സ്വപ്നം കണ്ടു. നൂറ്റൊന്ന്, നൂറ്റിരണ്ട്,നൂറ്റിമൂന്ന്...
ആവേശത്തോടെ മുങ്ങി,അവൾ പുലർച്ചെ പുഴയോരത്ത്
ചത്തുമരിച്ചു കിടന്നു,കാക്കച്ചി!
കാക്ക കുളിച്ചാൽ....?
എന്താ സംശയം?
ഒരിക്കലും കൊക്കാവില്ല.

**BY**
**EMILDA ANTU**





# ***THE PROUD ROSE***

***Once upon a time there was a rose who was very proud of her beautiful looks. Her only disappointment was that she grew next to an ugly cactus. Every day, the rose would insult the***
***cactus on his looks while the cactus stayed quiet. All the other plants in the garden tried to make the rose see sense ,but she was too swayed by her own good looks.***

***One summer ,the well present in***
***the garden grew dry and there was no water for***

***the plants. The rose began to wilt. She saw a sparrow dip her break into the cactus for some water. Though ashamed,she asked the cactus if she too could have some water. The kind cactus readily agreed and they both got though the tough summer as friends.***

*MORAL  OF THE STORY*

*Never judge someone by the way they look.*

***By***

***Devananda M.B***

***Vlll C***



# എന്റെ മനസ്സ്

മനസ്സാകുമെൻ ആകാശവിതാനത്തിൽ
ഉദിച്ചുണർന്നൊരു ആദിത്യനാണെൻ പിതാവ്
തമസ്സിൽ വെളിച്ചമായി  എന്നെനയിക്കുമെൻ
പൂർണ്ണേന്ദുവാണെൻ മാതാവ്

മനസ്സിൽ ഉല്ലാസ പൂത്തിരിവെളിച്ചമായി
നിറഞ്ഞു നിൽക്കുമെൻ സോദരിമാർ
സ്നേഹത്തിൻ തിരതെല്ലുമെൻ
കുടുംബമാണെൻ ആദ്യവിദ്യാലയം

നന്മനിറഞ്ഞ മനസ്സിൽ നിന്നുയരുന്ന നന്മയും
നാവിൽ നിന്നുയരുന്ന ആശ്വാസത്തിൻ മൊഴികളും
കാരുണ്യം പൊഴിയുന്നൊരു മിഴികളും
പരസ്നേഹത്തിൽ ചാമരങ്ങളായെൻ പാണിമാറുവാൻ

**നന്മരൂപനാം ജഗദീശ്വരാ തുണയ്ക്കണേ...**

**മാതാപിതാവിനു മകളായും**

**കുടുംബത്തിന് ഐശ്വര്യമായും**

**സമൂഹത്തിൽ മാതൃകയായും**

**സഹജീവികൾക്കു താങ്ങായും,**

**തണലായും മാറുവാൻ എൻ മനം കൊതിക്കുന്നു**

**ഈ ലോകമാം സാഗരത്തിൽ**

**നന്മതൻ ഒരു കണികയായ് മാറുവാൻ**

**എന്തു ഞാൻ ചെയ്തിടേണം...**

**എന്നെന്നും എൻ കൂടെ നിൽക്കണേ**


**എൻ ജഗദീശ്വരാ...**

**BY**

**ANGEL SEBASTIAN**

**VI B**

# മുത്തശ്ശിയും കുട്ട്യോളും



മാനം കറുത്തല്ലേ കുട്ട്യോളേ
മഴപെയ്യും വേശത്തിൽ പോന്നോളൂ
ഇടിവെട്ടും മിന്നലും കണ്ടക്കും
ഇനിയൊട്ടും നേരം കളയേണ്ട
പുസ്തകം നനയാതെ നോക്കേണം
പുത്തനടുപ്പും നനയേണ്ട
ചെളിവെള്ളമാകെ തെറിപ്പിച്ചാ
ചേലേവും മേനി കഴുകേണ്ട
ആമ്മയ്ക്ക് മുന്നിൽ കിണുങ്ങാതെ
ആന്നം കഴക്കേണ്ട കുട്ട്യോളെ
സന്ധ്യപരന്നു കഴിഞ്ഞുട്ടോ
സന്ധ്യ പരന്നു കഴിഞ്ഞുട്ടോ
സന്ധ്യപ്രാർത്ഥന ചൊലേണ്ടേ
ഈശോയ്ക്ക് നന്ദി പറഞ്ഞില്ലേൽ
ഐശ്വര്യം കിട്ടില്ല കുട്ട്യോളെ

**By**
**Abhirami Sabu**
**VI C**

# MY MOTHER



*Mother,What a wonderful gift ?*
*That God given to me.*
*She is like breeze,*
*In my sorrows and troubles*
*She is like a stream,*
*Full of love and care.*
*She is like a candle,*
*she gives light to me.*
*She is like the sun,*
*she shows the way of the life.*
*She is all in my life.*
*She is my light and way,*
*she is my truth and life.*
*She is all in my life.*
*Mother ,What a wonderful,*
*That God given to me.!!*

**BY**

*ANNA GEORGE*

*IX A*




# സൗഹൃദം

സൗഹൃദം ഒരു വലിയ നന്മയാണ്. അത് ഒരിക്കലും തകരുകയോ അവസാനിക്കുകയോയില്ല. ഓരോ സ്നേഹിതനും പുതിയ സൗഹൃദം പുലർത്തുന്നു.സൗഹൃദത്തിന് പ്രത്യേകമായ ഒരു സ്നേഹത്തിൻെ സ്വാന്തനമുണ്ട്.

അത് എന്നും നമ്മിൽ നിലക്കൊളളുന്നു.സൗഹൃദം നമ്മിൽ നിലനിൽക്കുന്നില്ല എ ൽ നമ്മൾ ഒരു മനുഷ്യനേയല്ല. സൗഹൃദം പുലർത്താൻ സാധിക്കുക എന്നത് വലിയ ഭാഗ്യമാണ്.

സ്നേഹത്തിന്റെ മറ്റൊരു രൂപമാണ് സൗഹൃദം.സൗഹൃദംകൊണ്ട് നമ്മുടെ മനസ്സ് നിറയ്ക്കുക.സൗഹൃദത്തിന് അളവും അതിരുമില്ല.അത് നീണ്ട് വിശാലമായി കിടക്കുന്ന കടൽ പോലെ ശാന്തവും സുന്ദരവും സ്നേഹവും നിറഞ്ഞ ബന്ധമാണ്.

By
***Ansa John***
***VI A***

# The Last Beats of Dance




In morning 5.30am everyone was in hurry to the church. No one is with their vehicles. After the mass usually everyone goes to the graveyard. But here at the London ,everyone goes to the street behind the church . The artists would came there and play their performance &they will rewarded from the people . At last the street was known as "The street of artists".

There was a colony near by the street. A Girl named hyacinth,who used to play dance with ribbons. She was 14,a yellowish curled

hair and with blue eyes. The ribbon with her was blue and two sticks joined at the end of the ribbon.

One day when she was playing ,suddenly the stick broke and she was sad,a small pain comes to her chest and she was unable to move. That wasn't too small.

Her mother didn't liked her dancing and she won't let her dance. But hyacinth never stopped dancing . She always compared herself as an Earth. The shape of the moon differs in day by day. Some days it may be bright and calm,and some days it may be dark and violent. The pain and upbraid of her mother was like the moon.

One day after coming back from church,a man with black hair,brown eyes,and had a black polished shoe that makes sound when he walks. Hyacinth met him and he was Mr. Abel Tasman. He asked "Hey,you may be a ballerina ; mayn't you?" She turned over and looked around,

the same men that she saw. "Yeah, well I used to dance". His face was really bright. He was excited to see the ribbon girl. But her face was filled with sadness.

"The ribbon was broken" she said to him. He picked a long ribbon from his pocket. It was coloured as violet,blue,green,yellow,red then again violet. It was like a rainbow. And at the end of the ribbon had a metal bell that ring when the ribbon moved. He wanted her to make a show in his theater .

" I'm Abel Tasman,I am a theater owner and in every Christmas a show running in my theater". She was happy of hearing it.

The day arrived a day before Christmas she wore a golden half gown and she looked like bright star. At that time she was tensed of her pain.

At the practising time she was in

trouble with pain. But she didn't cared.

The beats of the music,she loved that ,She tried the ribbon b At the practising time she was inells to make a music beat like same as the beat of music.

Suddenly the beat of heart was louder to her . She as a heart patient . But her mother didn't knew it .

Her foot stepped into the stage and the music started . It was full of beats in the stage and metal at the ribbon made a good tone to the music she heard three beats . That was the 1st one was the beat of song . The second was the ribbon medal and the third was her heart beat it was louder and faster than ever.

At the stage she was like a flower that flew in the wind and the colourful ribbon made the dance attractive . The audience got really interest in the show

THE CLOUDS IN THE SKY BEGAN TO SURROUND THE MOON AND THE MOON GOT VANISHED AT THAT TIME THE BEAT WAS FASTER WHEN THE BEAT OF MUSIC AND RIBBON STOPPED. SHE FELL ON TO THE GROUND EVERYONE GOT FRIGHTENED AND CONFUSED. THE MUSIC STOPPED.

THE PEOPLE TOOK HER TO THE HOSPITAL BUT THEIR WAS NO USE OF IT. WHEN THE BEAT OF MUSIC AND RIBBON STOPPED HER BEAT OF HEART ALSO STOPPED BEATING. HER SOUL VANISHED LIKE A MOON IN THE CLOUDS. THE BRIGHT STAR STOPPED SHINING

**By**

**Achsah Paulose**

**IX B**



# *A Magical World Of Love*

**"MOTHER"** is a beautiful pearl
which is plucked from the crown of god
true heart and love always
having a mind full of peace.
Everyday she shower bless on me.
Repay it,i can never in my life.

Her blessings save me from danger
her scolding makes me to live truthfully.
I love my mother deeper than Oceans
**"MOTHER"** is a magical world of love.

she is a mystery box
No one can understand her mind
but always i loved her
More than my precious life
**“MOTHER”** the beautiful word in the world

She is a world of wonder
With a smiling face and
a singing heart
she is always happy with me
but struggling with an absent mind.

She is the one who cares for me
and a lovely friend in my life
Mothers love never ends in the world
deeper than Oceans,more than stars, precious as life.

**BY**
**KEERTHANA SREEJITH**
**VII B**

# Exams




*EXAMS! I am not afraid of*
*When you are by my side*
*To be my guiding light*
*To help me learn and revise*
*Understand and memorize*

*EXAMS! A time to prove myself*
*When you are there for me*
*As a protective shell*
*To help me to be sincere*
*And lots of my fears*
*All worries angry I put aside*
*To beat each day with all my might*
*EXAMS!A time when I need you most*
*To keep fine and full of shine*
*God help me to do my best*
*It's humble request*

**By**
**Angel Davis**
**X A**



# FRIENDSHIP

Friendship is love
Without friendship love means nothing
Without friendship love is empty...
Without friendship love is boring
Friendship means sharing
People learn to share from friendship
Share everything they have in life
Friendship is like stars
Friendship is everything in life
life without friendship is like ball
without air
And , life without friendship is like a dead

**body.**

**Our sisters, brothers even our**
**Teacher and school principal!**
**Friendship..........is everything.**
**Friendship never ends.**



# ഏകാന്തത

ഏകയാണ ഞാൻ ഏകയാണ് (2)

പിഞ്ചുബാല്യങ്ങളിൽ അക്ഷര -

മോതി പഠിപ്പിച്ച ഗുരുവിനെ

ഞാൻ ഏകനാക്കി ............

തെറ്റും ശരിയുമേതെന്നു പഠിപ്പിച്ച

അമ്മയെ ഒറ്റയ്ക്കാക്കി ഞാൻ പോയി

പിച്ചവെച്ച് നടക്കുന്ന നേരത്ത്

കാലിടറി വീഴാതെന്നെ താങ്ങിനിർത്തി -

***യെരചചരനെ ഞാൻ ഏകനാക്കി***
***ശകാര ളോതി നേർവഴിക്കെന്നെ***
***നടത്തിയൊരു ചേട്ടനെ ഞാൻ ഏകനാക്കി***
***കൂരിരുട്ടിൽനിന്നെന്നെ താങ്ങിയ***
***ചേച്ചിയെ ഒറ്റയ്ക്കാക്കി ഞാൻ പോയി***
***ശാന്തമായൊഴുകുന്ന പുഴപോലെന്റെ***
***ജീവിതം ഇനിയും ബാക്കിയായി***

***By***
***Anjana Das***

***X A***




# ആകാശത്തേര്

നീലാകാശകോണിൽ ഒരു സ്നേഹാ-
ർത്ഥമായ് നീങ്ങിടുന്നൊരു താരകമെവിടെ ?
മഞ്ഞു നിറഞ്ഞൊരു മന്ദാരം കണക്കെ
നിറഞ്ഞുനിൽക്കുന്നൊരീ മേഘങ്ങളിൽ
മഞ്ഞുരുകും മേഘങ്ങളിൽ വർണ്ണതീക്ഷ്ണത
നിറഞ്ഞൊഴുകുന്നീ മിഴികളിൽ
കുതിച്ചുപായും നിറപകിട്ടാർന്ന
ആകാശത്തേരിൽ കൊമ്പിലേക്കായ്
ആകാശത്തിൻ തേരിൽലെവിടെയോ ചെറു
പുഞ്ചിരിയായ് വിടർന്നു നിൽക്കുന്നവൾ
കണ്ണീരിൻ മിഴിലെവിടെയോ ഒരു

പ്രതികാരത്തിൻ ധ്വനിയൊച്ച കേൾക്കുന്നു,
പ്രവർത്തിയിൽ അറിയുന്ന ചിലതും.......
ആകാശത്തേരെന്നാൽ സന്തോഷത്തേരാകും
മിഴികളിൽ സങ്കടം ബാക്കിയാകാതെ
മനസ്സിൽ സന്തോഷം നിറയും നിമിഷം
ഹൃത്തിൽ ആനന്ദം തെളിയും സമയം
ആരാരുമറിയാതെ നീലാകാശകോണിൽ
സപ്തവർണ്ണങ്ങളും തെളിഞ്ഞുനിൽക്കും.

**BY,**
**ATHEENA JOSEPH**
**IX C**

# ഓണം




**തമ്പുരാൻ മാവേലി കേരളത്തിൽ......**
**അമ്പർല്ലത്തോണീയിൽ തിത്തക തെയ്യ്**

**മാളോരെ കാണവീനേ നേക്കിടേണ്ട**
**മനുഷ്യരെല്ലാം ക്യാമ്പിലാണേ**

**ദൂരെയാക്കാണുന്ന ആണിക്കണ്ടോ........**
**ടോപ്പൺ ടവറിന്റെ മണ്ടയല്ലോ......**
**പൂക്കളമാണെന്നു തോന്നിടേണ്ട......**
**പൂത്തമരത്തിന്റെ ക്ലോസ്സപ്ഷോട്ടാ.....**

**തമ്പുരാൻ മാവേലി കേളത്തിൽ**
**അമ്പർല്ലത്തോണിയിൽ തിത്തക തെയ്യ്**
**അമ്പർല്ലത്തോണിയിൽ തിത്തക തെയ്യ്**

**By**
**Bibina baby**
**V D**


"Lighting one candle
with another candle-
spring evening"
THANK YOU....